***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393
തീയതി:04.02.2022

# "കൈക്കൂലി വാങ്ങുന്നതിനിടെ ഡോക്ടർ വിജിലൻസ് പിടിയിൽ"

മലപ്പുറം പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഡോക്ടർ രാജേഷ് 1000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു.

മലപ്പുറം ആലിപ്പറമ്പ് സ്വദേശിയായ മുഹമ്മദ് ഷമീം എന്നയാളിന്റെ ഉമ്മയുടെ ചികിത്സയുടെ ഭാഗമായുള്ള സർജറി നടത്തുന്നതിന് 1000/- രൂപാ കൈക്കൂലി വാങ്ങുന്നതിനിടെയാണ് ഡോക്ടർ രാജേഷ് വിജിലൻസ് പിടിയിലായത്. മുഹമ്മദ് ഷമീന്റെ ഉമ്മയുടെ കാലിൽ പറ്റിയ പരിക്ക് ചികിത്സിക്കുന്നതിനായി കഴിഞ്ഞമാസം 10 ന് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ എത്തി ഡോക്ടർ രാജേഷിനെ കാണുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അഡ്മിറ്റ് ആകുകയും ചെയ്തു. ചികിത്സയെ തുടർന്ന് ഇടത്തേ കാലിലെ ചെറുവിരൽ മുറിച്ചുമാറ്റണമെന്നും അതിന് ഓപ്പറേഷൻ ആവശ്യമാണെന്നും ഡോക്ടർ, മുഹമ്മദ് ഷമീമിനെ അറിയിച്ചു. ഓപ്പറേഷന് മുൻപ് ആശുപത്രിക്ക് സമീപം സ്വകാര്യപ്രാക്ടീസ് നടത്തുന്നടെത്ത് ഷമീമിനോട് 'വന്ന് കാണാൻ' നിർദ്ദേശിച്ചുയെങ്കിലും ഷമീം അനുസരിച്ചില്ല. തുടർന്ന് ഉമ്മയോടൊപ്പവും അതിന് ശേഷവും അഡ്മിറ്റ് ആയവരുടെ ഓപ്പറേഷൻ നടത്തിയിട്ടും ടിയാന്റെ ഉമ്മയുടെ ഓപ്പറേഷൻ നടത്താതെ ഡിസ്ചാർജ് ചെയ്യുകയും ചെയ്തതിനെതുടർന്ന് കാലിന്റെ വേദന അസഹനീയമായപ്പോൾ

കഴിഞ്ഞ മാസം 28 ആം തീയതി ഉമ്മയെ ഡോക്ടറെ വീണ്ടും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഒ.പിയിൽ പോയി കാണിച്ചപ്പോൾ 1000/-രൂപാ കൈക്കൂലി തന്നാൽ എത്രയും വേഗം ഓപ്പറേഷൻ നടത്താമെന്നറിയിച്ചു. വേദന അസഹനീയമായതിനെ തുടർന്ന് തൊട്ടടുത്ത ദിവസവും (29 ആം തീയതി) ഡോക്ടറെ പോയി വീണ്ടും കാണിച്ചപ്പോൾ അഡ്മിറ്റ് ചെയ്യാൻ പറ്റില്ലായെന്നും മരുന്ന് വാങ്ങി പോകാൻ പറയുകയും ചെയ്തു.തുടർന്ന് കഴിഞ്ഞ ബുധനാഴ്ച്ച ഡോക്ടർ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ആശുപത്രിയിൽ പോയി ഡോക്ടറെ കണ്ട് ഉമ്മയുടെ കാലിലെ വേദനയെ കുറിച്ച് പറയുകയും 1000/- രൂപാ കൈക്കൂലി നൽകാം എന്ന് സമ്മതിക്കുകയും ചെയ്തതിനെ തുടർന്ന് ഇന്നേ ദിവസം(04.02.2022) രാവിലെ പെരിന്തൽമണ്ണ ആശുപത്രിയിൽ എത്താൻ ആവശ്യപ്പെടുകയും അതുപ്രകാരം ഇന്ന് ഉമ്മയെ രാവിലെ അഡ്മിറ്റ് ആക്കുകയും ചെയ്തു.തുടർന്ന് മുഹമ്മദ് ഷമീമിനോട് ഉച്ചയ്ക്ക് ശേഷം കൈക്കൂലിയുമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ആശുപത്രിയിൽ "വന്ന് കാണാൻ" ആവശ്യപ്പെടുകയും ചെയ്തു. മുഹമ്മദ് ഷമീം ഈ വിവരം മലപ്പുറം വിജിലൻസ് യൂണിറ്റ് ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഫിറോസ്.എം.ഷഫീക്കിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കെണിയൊരുക്കി ഇന്ന് (**04.02.2022**) വൈകുന്നേരം 4 മണിയോടെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിയ്ക്ക് സമീപം ഡോക്ടർ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന റൂമിൽ വച്ച് ഡോക്ടർ രാജേഷ് 1000/- രൂപ മുഹമ്മദ് ഷമീന്റെ കൈയിൽ നിന്നും കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പിയെ കൂടാതെ ഇൻസ്പെക്ടർമാരായ ഗംഗാധരൻ, ജ്യോതീന്ദ്രകുമാർ, സബ്-ഇൻസ്പെക്ടർമാരായ ശ്രീനിവാസൻ, മോഹൻദാസ്, എ.എസ്.ഐമാരായ മോഹനകൃഷ്ണൻ,ഹനീഫ സി.പി.ഒ മാരായ ദിനേശ്, വിജയകുമാർ, പ്രജിത്ത്, രാജീവ്, പ്രശോഭ്, ഷിഹാബ്, ശ്യാമ എസ് തുടങ്ങിയവരും ഉണ്ടായിരുന്നു.